**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6709** **21-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ പഠനനിലവാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയാണ് 'സഹിതം മെന്ററിങ് പോർട്ടൽ'. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രൈമറി, സെക്കന്ററി തലത്തിലെ പഠനവിഷയങ്ങളിൽ പഠിതാക്കളുടെ പഠന പുരോഗതി നിർണയിക്കുന്നതിനായി അക്കാദമിക സൂചകങ്ങൾ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സൂചകങ്ങൾ സഹിതം പോർട്ടലിലേക്ക് ഉൾചേർത്തിട്ടുണ്ട്. സഹിതം പോർട്ടലുമായി ബന്ധപ്പെട്ട അക്കാദമിക പരിശീലനം എസ്.സി.ഇ.ആർ.ടിയും കൈറ്റും സംയുക്തമായി ആവിഷ്കരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലെയും പ്രൈമറി അധ്യാപകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സഹിതം മെന്ററിംഗ് പോർട്ടലുമായി ബന്ധപ്പെട്ട അക്കാദമിക പ്രവർത്തനങ്ങൾ ആരംഭിച്ചതേയുള്ളൂ. നിലവിൽ സഹിതം പോർട്ടലുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തിയിട്ടില്ല. |
| (സി) | പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്താറുണ്ടോ; പ്രസ്തുത റിപ്പോർട്ട് ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ; | (സി) | പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നില്ല. |
| (ഡി) | കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വിദ്യാലയങ്ങളിലെ പഠിതാക്കളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിനായുള്ള സംവിധാനമാണ് 'സഹിതം' മെന്ററിംഗ് പോർട്ടൽ, പാദവാർഷിക, അർദ്ധവാർഷിക, വാർഷിക പരീക്ഷകളിലെ പഠന നിലവാരം രേഖപ്പെടുത്തുന്നതിനോടൊപ്പം നിരന്തരവിലയിരുത്തലുകൾക്ക് പ്രാധാന്യം നൽകി |

| | | | |
|---|---|---|---|
| | | | കൊണ്ടാണ് സഹിതം പോർട്ടൽ ആവിഷ്കരിച്ചിട്ടുള്ളത്. രക്ഷിതാവിനെപ്പോലെ കുട്ടികളെ സ്നേഹിക്കുകയും നിരീക്ഷണങ്ങളിലൂടെ അവരുടെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി മനസിലാക്കുകയും സർവോത്മുഖമായ വളർച്ചയ്ക്ക് ആവശ്യമായ കൈത്താങ്ങ് നൽകുകയും ചെയ്യുക എന്നതാണ് മെന്ററിന്റെ ഉത്തരവാദിത്വം. |

സെക്ഷൻ ഓഫീസർ